തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് അക്ഷരംപ്രതി ശരിയാണ്. ഈ ഫെറി 4-2-1985-ൽ ചേരാനെല്ലൂർ പഞ്ചായത്ത് ലേലം ചെയ്തത് വി.കെ. ജെസീൻ എന്ന യാളിനാണ് കൊടുത്തിട്ടുള്ളത്. അതിന്റെ കാലാവധി 1-4-1985 മുതൽ 31-3-1987 വരെയാണുള്ളത്. 1-4-1985 മുതൽ ലേലക്കാരൻ ഫെറി സർവ്വീസ് നടത്തുകയായിരുന്നു. മേൽപ്പടി സർവ്വീസ് കൂടാതെ 4-2-1986 വരെ രണ്ടു ചങ്ങാടങ്ങളും ബോട്ടും ഉപയോഗിച്ചിരുന്നു. 5-2-1986 മുതൽ 23-2-1986 വരെ ശരിയായവിധം ഫെറി സർവീസ് നടത്താൻ സാധിക്കാതെ വന്നപ്പോഴും നാട്ടുകാരുടെ ശക്തമായിട്ടുള്ള പ്രക്ഷോഭം ഉണ്ടാകുകയും അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ഇടപെട്ട് അനുരഞ്ജന സമ്മേളനം വിളിച്ചുകൂട്ടി പാസഞ്ചേഴ്സ് അസോസിയേഷനെ ഏൽപ്പിക്കുകയുമാണ് ചെയ്തത്. പാസഞ്ചേഴ്സ് അസോസിയേഷൻ കുറെക്കാലം സർവീസ് നടത്തുകയും പിന്നെ അത് നടത്താതാകുകയും ചെയ്തു. കോൺട്രാക്ടർ കൊടുക്കേണ്ട ഫീസ് അടയ്ക്കാതിരുന്നപ്പോഴാ അയാളുടെ പേരിൽ റവന്യൂ റിക്കവറി പ്രൊസീഡിംഗ്സ് വന്നു. അപ്പോൾ കോൺട്രാക്ടർ ഹൈക്കോടതിയെ സമീപിച്ച് ഇജംഗ്ഷനും സ്റ്റേയും വാങ്ങിയിരുന്നതുകൊണ്ട് പുതിയ ഓക്ഷനുള്ള സാഹചര്യം ഇല്ലാത്ത ബുദ്ധിമുട്ടാണുള്ളത്. അതുകൊണ്ട് ആ കാര്യങ്ങൾ പരിശോധിച്ച് എത്രയുംവേഗം ഫെറി സർവ്വീസ് നടപ്പിലാക്കാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്.

(11) ചിറ്റൂർ താലൂക്കിലെ ചുള്ളിയാർ ആയക്കെട്ട് പ്രദേശങ്ങളിലെ വരൾച്ച

ശ്രീ. സി. വാസുദേവ മേനോൻ: സർ, രണ്ടുവാക്കു പറഞ്ഞുകൊണ്ട് ആത്മസംതൃപ്തിയടയുന്നതിനോ സായൂജ്യമടയുന്നതിനോ വേണ്ടിയല്ല, വളരെ ദയനീയമായിട്ടുള്ള ഒരു പ്രദേശത്തെ ജനങ്ങളുടെ സ്ഥിതി ശ്രദ്ധയിൽപ്പെടുത്തുന്നതിനും പരിഹാരം കാണുന്നതിനുംവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇവിടെ പാലക്കാട് ജില്ലയിലെ വരൾച്ചയെ സംബന്ധിച്ചും ചിറ്റൂർ താലൂക്കിലെ വരൾച്ചയെ സംബന്ധിച്ചും പറഞ്ഞു. ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിക്കും അതുപോലെതന്നെ അദ്ദേഹത്തിന്റെ പാർട്ടിക്കും അടുത്ത കാലത്ത് കൊഴിഞ്ഞാംപാറ ഫർക്കയോടുണ്ടായിട്ടുള്ള താൽപ്പര്യത്തിന് എനിക്ക് നന്ദിയുണ്ട്. ചുള്ളിയാർ ആയക്കെട്ട് ഏരിയ, കൊല്ലംകോട്, എലവഞ്ചേരി എന്നീ രണ്ടു പഞ്ചായത്തുകളിലും കുറേഭാഗം മുതലമട പഞ്ചായത്തിലുമാണ്. മുതലമട പഞ്ചായത്തിൽ തീരെ ജലസേചന സൗകര്യമില്ലാത്തപ്രദേശങ്ങളുമുണ്ട്. ഈ പ്രദേശങ്ങൾജില്ലാ കളക്ടർ സന്ദർശിച്ചു. എലവഞ്ചേരി സന്ദർശിക്കുന്ന അവസരത്തിൽ ഞാനും ഉണ്ടായിരുന്നു. അത് വരൾച്ച ബാധിതപ്രദേശമാണ്. തുടർച്ചയായി 4 വർഷമായിട്ട് വരൾച്ച യാണ്. അത് വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കണമെന്നു പറഞ്ഞുകൊണ്ട് ബഹുമാന്യനായ ജില്ലാ കളക്ടർ ഗവൺമെന്റിലേക്ക് എഴുതുകയും ചെയ്തിട്ടുണ്ട്. ഇത് ഡി. ഡി. സി. യിലും പറഞ്ഞിട്ടുള്ളതാണ്. കൊഴിഞ്ഞാംപാറ ഫർക്കയോട് പ്രത്യേക താൽപ്പര്യമുണ്ടാകുന്നതിൽ എനിക്ക് വിരോധമില്ല, സന്തോഷമേയുള്ളു. പക്ഷേ ആ പ്രദേശം ജില്ലാകളക്ടർ റെക്കമെന്റ് ചെയ്തിട്ടുപോലും ഇതുവരെ അത് വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കാത്തതെന്താണെന്ന് മനസ്സിലാകുന്നില്ല. അതുപോലെതന്നെ ചുള്ളിയാർ ആയക്കെട്ട് ഏരിയായിൽ, ചുള്ളിയാർ ഡാമിൽവെള്ളമില്ലാത്തത്

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കുന്നതിനുവേണ്ടി ശാശ്വതമായ ഒരു പരിഹാരം കാണുന്നതിനുവേണ്ടി കുരിയാർകുറ്റി കാരപ്പാറയും അതുപോലെതന്നെ പലയാപാണ്ടി പദ്ധതിയുമെല്ലാം തന്നെ ഇൻവെസ്റ്റിഗേഷൻ നടത്തിയതാണ്. ഇക്കാര്യത്തെ സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതി വകുപ്പ് രേഖപ്പെടുത്തിയിട്ടുള്ള എതിർപ്പു കാരണം ഇവിടത്തെ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് വളരെ ഫലപ്രദമായിട്ടുള്ള മറുപടി പറഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച് ഒരു ഉന്നതതല സമ്മേളനം ബഹുമാന്യനായ ഇറിഗേഷൻ മന്ത്രിയുടെ അദ്ധ്യക്ഷതയിൽകൂടി എന്നും കണ്ടു. ഉന്നതതല സമ്മേളനം എന്നു പറഞ്ഞാൽ ഡി. സി. സി. പ്രസിഡന്റും കെ. പി. സി. സി. പ്രസിഡന്റും ആകാൻ പാടില്ല. അതിൽ എന്റെ സ്നേഹിതൻ കൃഷ്ണൻകുട്ടിയേയോ അല്ലെങ്കിൽ ആ പ്രദേശത്തെ പ്രതിനിധീകരിക്കുന്ന എന്നെയോ ക്ഷണിച്ചിട്ടില്ല. ഈ ഉന്നതതല സമ്മേളനമെല്ലാം തന്നെ ഇറിഗേഷൻ അതുപോലെ ശുദ്ധജല വിതരണ പദ്ധതി ഇതിനെല്ലാം തന്നെ പാർട്ടി പ്രവർത്തകരെ വിളിച്ചു നടത്തിയാൽ മാത്രം പോരാ. അവരെ വിളിക്കുന്നതുകൊണ്ട് എനിക്ക് ആക്ഷേപമില്ല. പക്ഷേ അതു മാത്രം പോരാ. ഇതിന് ശാശ്വത പരിഹാരം കാണുന്നതിന് ഈ ഒരു വർഷമായിട്ട് നമ്മുടെ എഞ്ചിനീയർമാർ സമർപ്പിച്ച റിപ്പോർട്ട്, പരിസ്ഥിതി വകുപ്പിന്റെ എതിർപ്പു കാരണം മറുപടി പറഞ്ഞുകൊണ്ട് സമർപ്പിച്ച നിർദ്ദേശങ്ങളും ഇതുവരെ കേന്ദ്ര ഗവൺമെന്റിലേക്ക് അയച്ചിട്ടില്ല. അതുപോലെതന്നെ മീൻകരയേയും ചുള്ളിയാറിനെയും ബന്ധിപ്പിക്കുന്ന ഒരു കനാലിന് കുറെക്കൂടി വീതികൂട്ടിയാൽ ഇന്നുള്ള ജലക്ഷാമത്തിന് പരിഹാരം കാണും. അതിന് 18 ലക്ഷം രൂപയ്ക്ക് ടെൻഡർ വിളിച്ചിട്ട് അതും നടത്തിയില്ല. വളരെ രൂക്ഷമാണ് സ്ഥിതി, പ്രത്യേകിച്ചും കുടിവെള്ളത്തിന്റെ കാര്യം. വരൾച്ചകൊണ്ട് കുടിവെള്ളത്തിന്റെ കാര്യം വളരെ ബുദ്ധിമുട്ടിലാണ്. ഞാൻ എഴുതിക്കൊടുത്ത ചോദ്യത്തിനു തന്ന മറുപടിയിൽ 2 കൊല്ലംമുമ്പ് കുഴിച്ച കുഴൽക്കിണറുകളെ സംബന്ധിച്ചാണ് മറുപടി കിട്ടിയത്, പുതുതായി കുഴിച്ചതിനെ സംബന്ധിച്ച് ഒന്നും പറഞ്ഞിട്ടില്ല. അവിടെ ഒരു പാർട്ടിക്കാർ മാത്രമല്ല ബഹുമാന്യനായ മുഖ്യമന്ത്രി കെ. കരുണാകരന്റെ കേന്ദ്രങ്ങളും ധാരാളമുണ്ട്. അതുകൊണ്ട് അവരെ ഓർത്തെങ്കിലും കുടിവെള്ളമെത്തിക്കുന്നതിന് എന്തെങ്കിലും അടിയന്തിര നടപടി സ്വീകരിക്കണം. കുടിവെള്ളത്തിന് അവിടെ വളയെധികം ക്ഷാമമാണ്. അതുകൊണ്ട് വളരെയധികം ആത്മാർത്ഥതയോടുകൂടി പറയുകയാണ് എന്തെങ്കിലും ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി പറയുകയാണ്. അങ്ങനെ ചെയ്യുമെന്ന് വിശ്വസിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ബഹുമാന പ്പെട്ട വാസുദേവ മേനോൻ പറഞ്ഞതുപോലെ പാലക്കാട് ജില്ലയിൽ കൂടുതൽ പ്രദേശങ്ങളിൽ വരൾച്ച അനുഭവപ്പെടുന്നുവെന്നുള്ള പരാതികളും കിട്ടുന്നുണ്ട്. ഇതിനോടകംതന്നെ 32 വില്ലേജുകളെ വരൾച്ചബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റു പ്രദേശങ്ങളെ സംബന്ധിച്ച് ജില്ലാ കളക്ടർ അയയ്ക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലേ വരൾച്ചബാധിത പ്രദേശങ്ങളായി പ്രഖ്യാപിക്കാൻ കഴിയൂ. ഈ പ്രദേശത്തെ ചുള്ളിയാർ ആയക്കെട്ടിന്റെ കാര്യത്തിൽ വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിക്കാനുള്ള റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. പാലക്കാടിന്റെ പ്രത്യേക പരിതഃസ്ഥിതി പരിഗണിച്ചുകൊണ്ട് ഈ ഏപ്രിൽമാസം 4-ാം തീയതി എം. എൽ. എ. മാരെയൊക്കെ ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ ഒരു കോൺഫറൻസ് കൂടാൻ തീരുമാനിച്ചിട്ടുണ്ട്. വിവിധ ഡിപ്പാർട്ടുമെന്റുകളും ഇന്നു നടത്തുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളും കൂടുതൽ ത്വരിതപ്പെടുത്തുവാനും അത്യാവശ്യമുള്ള സഹായമെത്തിക്കാനുമൊക്കെയായി ആ കോൺഫറൻസിൽ തീരുമാനം എടുക്കുന്നതാണ്. അന്ന് ഈ വക കാര്യങ്ങളും കൂടുതൽ വിശദമായി ചർച്ച ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വാസുദേവ മേനോൻ : സർ, കുടിവെള്ളമെത്തിക്കുന്നതിന് അടിയന്തിരമായി എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : കുടിവെള്ളം വരൾച്ചബാധിത പ്രദേശങ്ങളിലൊക്കെ കൊടുക്കാൻ ജില്ലാകളക്ടർക്ക് പ്രത്യേക നിർദ്ദേശം കൊടുത്തിട്ടുണ്ട് ഈ പ്രദേശത്തിന്റെ കാര്യവും പ്രത്യേകമായി പരിഗണിക്കുന്നതാണ്.

(12) വാഴൂർ—ചങ്ങനാശ്ശേരി മണ്ഡലത്തിലെ ജലവിതരണ പദ്ധതികൾ

ശ്രീ. കാനം രാജേന്ദ്രൻ : സർ, വാഴൂർ നിയോജക മണ്ഡലത്തിൽപ്പെട്ട കറുകച്ചാൽ, വാകത്താനം പഞ്ചായത്തുകളും ചങ്ങനാശ്ശേരി മണ്ഡലത്തിൽപ്പെട്ട മാടപ്പള്ളി പഞ്ചായത്തും ഉൾപ്പെടുത്തി സമഗ്രമായ ഒരു ജലവിതരണ പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഉടനെ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ വെള്ളാവൂർ, വാഴൂർ പഞ്ചായത്തുകളും, കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ മണിമല പഞ്ചായത്തും ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതിയ ജലവിതരണ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ ആരംഭിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ ജോലികൾ ഉടനെ പൂർത്തിയാക്കി ഈ പദ്ധതി പ്രാവർത്തികമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കറുകച്ചാൽ, വാകത്താനം, മാടപ്പള്ളി പഞ്ചായത്തുകളുൾപ്പെട്ടിട്ടുള്ള ജലവിതരണത്തെ സംബന്ധിച്ചുള്ള റിപ്പോർട്ട് ചീഫ് എൻജിനീയർ ഓഫീസിൽ കിട്ടിക്കഴിഞ്ഞിട്ടുണ്ട്, അത് അവർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അത് പരിശോധിച്ച് കഴിഞ്ഞാൽ ഗവൺമെന്റ് അതിൻമേൽ തുടർന്നുള്ള നടപടി നടത്തി കേന്ദ്രഗവൺമെന്റിലേക്ക് അയച്ചുകൊടുത്ത് അനുവാദം വാങ്ങിക്കുന്നതായിരിക്കും. അതിനുള്ള സത്വരമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതുപോലെ വെള്ളാവൂർ, വാഴൂർ, മണിമല എന്നീ പഞ്ചായത്തുകളിലെ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ കംപ്ലീറ്റ് ചെയ്തു കഴിഞ്ഞ് അവരുടെ റിപ്പോർട്ടു കിട്ടിക്കഴിഞ്ഞാൽ ബാക്കിയുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റുമൊക്കെ തയ്യാറാക്കി അംഗീകാരത്തിനായി അയ്ക്കുന്നതാണ്.

(13) അരൂർ നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ പണി

ശ്രീമതി കെ ആർ. ഗൗരി : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട രണ്ടു ഭാഗങ്ങൾ ഒന്ന് ചാവടി പള്ളിത്തോട് റോഡിൽ പള്ളിത്തോട് കടത്തുകടവിൽനിന്ന് പടിഞ്ഞാറ് പള്ളിത്തോട്ടിലേക്ക് ഇട്ടിരിക്കുന്ന ഒരു പാലം. രണ്ടാമത് എഴുപുന്ന-നീണ്ടകര റോഡിൽ കമ്പനാംതുരുത്ത് പ്രദേശത്ത് എഴുപുന്നയേയും നീണ്ടകരയേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly